# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/36/159/2017 പത്രക്കുറിപ്പ് 2017 ജൂലായ് 28

**എം. ജി ബിരുദ ഏകജാലകം : എസ്. സി/എസ്. ടി. വിഭാഗക്കാർക്കായുള്ള നാലാം പ്രത്യേക അലോട്ട്മെന്റിൽ യോഗ്യത നേടിയവർ ജൂലായ് 31 ന് വൈകീട്ട് 4 മണിക്കു മുൻപായി പ്രവേശനം നേടണം.**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഏകജാലകം വഴി 2017ൽ ബിരുദ പ്രവേശനത്തിന് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുള്ള നാലാം പ്രത്യേക അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് ജൂലായ് 31 ന് വൈകുന്നേരം നാലു മണിക്കു മുൻപായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടേണ്ടതാണ്. ജൂലായ് 31 ന് വൈകുന്നേരം നാലു മണിക്കു മുൻപായി ഫീസ് അടക്കാത്തവരുടെയും ഫീസടച്ച ശേഷം കോളേജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

നാലാം പ്രത്യേക അലോട്ട്മെന്റിൽ പ്രവേശനത്തിനർഹത നേടിയ അപേക്ഷകർ തങ്ങൾക്ക് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടുന്ന പക്ഷം, ഓൺലൈനായി അടയ്ക്കുന്ന സർവ്വകലാശാല ഫീസിനു പുറമേ, ട്യൂഷൻ ഫീ ഉൾപ്പെടെയുള്ള ഫീസ് കോളേജുകളിൽ അടച്ച് പ്രവേശനം ഉറപ്പാക്കേണ്ടതാണ്.

മുൻ അലോട്ട്മെന്റുകളിൽ താത്കാലിക പ്രവേശനം ലഭിച്ച എസ്. സി/എസ്.റ്റി അപേക്ഷകർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ജൂലായ് 31 നു വൈകീട്ട് 4 മണിക്കു മുൻപായി സ്ഥിര പ്രവേശം നേടാത്ത പക്ഷം അത്തരം അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കപ്പെടുന്നതാണ്.

**ബി. കോം ഓഫ് കാമ്പസ് പ്രാക്ടിക്കൽ (ദയവായി എല്ലാ എഡീഷനുകളിലും)**

2017 ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ മൂന്നാം വർഷ ബി. കോം ഓഫ് കാമ്പസ് ( സി. ബി. സി. എസ്. എസ്) ഡിഗ്രി പരീക്ഷയുടെ ഡി. ബി. എം. എസ്, കംപ്യൂട്ടറൈസ്ഡ് അക്കൗണ്ടിംഗ് എന്നീ വിഷയങ്ങളുടെയും, രണ്ടാം വർഷ പരീക്ഷയിലെ ഐ. റ്റി ഫോർ ഓഫീസ്, ഐ. റ്റി. ഫോർ ബിസിനസ് എന്നീ വിഷയങ്ങളുടെയും പ്രാക്ടിക്കൽ ആഗസ്റ്റ് 5, 6 തീയതികളിൽ, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ വിദ്യാർത്ഥികൾക്ക് കണ്ണൂർ ഡിപോൾ ആർട്സ് ആന്റ് സയൻസ് കോളേജിൽ വച്ച് നടത്തും. വിദ്യാർത്ഥികൾ രജിസ്റ്റർ നമ്പർ ക്രമത്തിൽ ബന്ധപ്പെട്ട ദിവസം ഹാൾടിക്കറ്റും തിരിച്ചറിയൽ രേഖയും സഹിതം ഹാജരാകണം. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പ്രാക്ടിക്കൽ, പ്രോജക്റ്റ് മൂല്യനിർണയം, വൈവാ വോസി**

2017 മെയ്, ജൂൺ മാസങ്ങളിൽ നടത്തിയ നാലാം സെമസ്റ്റർ എം. എസ്‌സി. പ്ലാന്റ് ബയോടെക്നോളജി റഗുലർ/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ, പ്രോജക്റ്റ് മൂല്യനിർണയം, വൈവാ വോസി എന്നിവ ആഗസ്റ്റ് 17, 18 തീയതികളിൽ തിരുവല്ല മാക്ഫാസ്റ്റിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

2017 മെയ് മാസത്തിൽ നടത്തിയ ഒന്നാം സെമസ്റ്റർ ബി. വോക് ഫുഡ് പ്രോസസ്സിങ് ടെക്നോളജി (റഗുലർ/ സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ആഗസ്റ്റ് 10, 11 തീയതികളിൽ പാലാ സെന്റ് തോമസ് കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2016 സെപ്റ്റംബറിലും, 2017 ഏപ്രിലിലും നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം. ഫിൽ ഓർഗാനിക് കെമിസ്ട്രി/ഇനോർഗാനിക് കെമിസ്ട്രി/ഫിസിക്കൽ കെമിസ്ട്രി/പോളിമർ കെമിസ്ട്രി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ 2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം. എസ്‌സി കെമിസ്ട്രി (ഇനോർഗാനിക്, ഓർഗാനിക്, ഫിസിക്കൽ & പോളിമർ കെമിസ്ട്രി - റഗുലർ/ഇംപ്രൂവ്മെന്റ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ 2017 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം. എസ്‌സി. എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ്, എൻവയോൺമെന്റ് സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് എന്നീ ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ 2017 മെയ് മാസത്തിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം. ഫിൽ ജനറൽ സോഷ്യൽ സയൻസസ്, സോഷ്യൽ ട്രാൻസ്ഫോർമേഷൻ ആന്റ് എംപർമെന്റ് ( സി. എസ്. എസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് ഇൻ മെഡിക്കൽ ബയോ കെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ ആഗസ്റ്റ് 14 വരെ സ്വീകരിക്കും.

**സിൻഡിക്കേറ്റ് യോഗം മാറ്റി.**

ഇന്ന് (ജൂലായ് 29) നടത്തുവാൻ നിശ്ചയിച്ചിരുന്ന മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റ് യോഗം ആഗസ്റ്റ് 2 ന് രാവിലെ 10.30 ന് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതിനായി മാറ്റിവച്ചു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**